بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**30-05-2025**

# ഖിലാഫത്തുമായി ചേർന്നു നിൽക്കുകയും ഖിലാഫത്ത് സ്ഥാപിക്കുന്നതിന് എല്ലാ ത്യാഗങ്ങൾക്കും ഒരുങ്ങുകയും ചെയ്യുക

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

وَاَقۡسَمُوۡا بِاللّٰهِ جَهۡدَ اَيۡمَانِهِمۡ لَئِنۡ اَمَرۡتَهُمۡ لَيَخۡرُجُنَّ ؕ قُلۡ لَّا تُقۡسِمُوۡا ۚ طَاعَةٌ مَّعۡرُوۡفَةٌ ؕ اِنَّ اللّٰهَ خَبِيۡرٌۢ بِمَا تَعۡمَلُوۡنَ ﴿۵۴﴾ قُلۡ اَطِيۡعُوا
اللّٰهَ وَاَطِيۡعُوا الرَّسُوۡلَ ۚ فَاِنۡ تَوَلَّوۡا فَاِنَّمَا عَلَيۡهِ مَا حُمِّلَ وَعَلَيۡكُمۡ مَّا حُمِّلۡتُمۡ ؕ وَاِنۡ تُطِيۡعُوۡهُ تَهۡتَدُوۡا ؕ وَمَا عَلَى الرَّسُوۡلِ اِلَّا الۡبَلٰغُ
الۡمُبِيۡنُ ﴿۵۵﴾ وَعَدَ اللّٰهُ الَّذِيۡنَ اٰمَنُوۡا مِنۡكُمۡ وَعَمِلُوا الصّٰلِحٰتِ لَيَسۡتَخۡلِفَنَّهُمۡ فِى الۡاَرۡضِ كَمَا اسۡتَخۡلَفَ الَّذِيۡنَ مِنۡ قَبۡلِهِمۡ ۪ وَ
لَيُمَكِّنَنَّ لَهُمۡ دِيۡنَهُمُ الَّذِى ارۡتَضٰى لَهُمۡ وَلَيُبَدِّلَنَّهُمۡ مِّنۡۢ بَعۡدِ خَوۡفِهِمۡ اَمۡنًا ؕ يَعۡبُدُوۡنَنِىۡ لَا يُشۡرِكُوۡنَ بِىۡ شَيۡـًٔا ؕ وَمَنۡ كَفَرَ بَعۡدَ
ذٰلِكَ فَاُولٰٓئِكَ هُمُ الۡفٰسِقُوۡنَ ﴿۵۶﴾ وَاَقِيۡمُوا الصَّلٰوةَ وَاٰتُوا الزَّكٰوةَ
وَاَطِيۡعُوا الرَّسُوۡلَ لَعَلَّكُمۡ تُرۡحَمُوۡنَ ﴿۵۷﴾

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് സംവിധാനം സ്ഥാപിതമായിട്ട് 117 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 1908-ൽ ഈ സംവിധാനം അല്ലാഹുവിന്റെ വാഗ്ദാനങ്ങൾക്കും തിരുനബി(സ)യുടെ പ്രവചനങ്ങൾക്കും അനുസൃതമായി സ്ഥാപിതമായി. മസീഹിന്റെയും മഹ്ദിയുടെയും ആഗമനശേഷം ഇസ്‌ലാമിന്റെ ഒരു നവോത്ഥാനയുഗം ആരംഭിക്കുമെന്നും പിന്നീട് ഈ വ്യവസ്ഥിതിയിൽ ഖിലാഫത്തിന്റെ കാലഘട്ടം ആരംഭിക്കുമെന്നും ദൈവവാഗ്ദാനമുള്ള ഒരു സംവിധാനത്തിന്റെ ഭാഗമായത് അഹ്മദിയ്യാ ജമാഅത്തിന് സർവ്വശക്തനായ അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള മഹത്തായ അനുഗ്രഹമാണ്. നബിതിരുമേനി(സ) സ്പഷ്ടമായ നിലയിൽ ഇപ്രകാരം ദീർഘദർശനം ചെയ്തിട്ടുണ്ട്, അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളംകാലം പ്രവാചകത്വം നിങ്ങളിൽ നിലനിൽക്കുന്നതാണ്. പിന്നീട് അത് അവൻ നീക്കംചെയ്യുകയും പ്രവാചകത്വത്തിന്റെ സരണിയിൽ ഖിലാഫത്ത് സ്ഥാപിതമാകുകയും ചെയ്യും. അല്ലാഹു ഉദ്ദേശിക്കുന്ന സമയത്ത് അവൻ ഈ അനുഗ്രഹം എടുത്തറ്റുമാറ്റുകയും അവന്റെ വിധി അനുസരിച്ച് ഒരു മർദ്ദക ഭരണം സ്ഥാപിക്കപ്പെടുകയും ചെയ്യും. ആ കാലഘട്ടം അവസാനിക്കുമ്പോൾ, അല്ലാഹു ഉദ്ദേശിക്കുന്നിടത്തോളം അതിലും ഉപരിയായി സ്വേച്ഛാധിപത്യ ഭരണം സ്ഥാപിക്കപ്പെടും. പിന്നീട് അല്ലാഹു അത് നീക്കം ചെയ്യും. അതിനുശേഷം പ്രവാചകത്വ സരണിയിലുള്ള ഖിലാഫത്ത് സ്ഥാപിക്കപ്പെടുന്നതാണ്. ഇത്രയും പറഞ്ഞിട്ട് തിരുനബി(സ) മൗനം ദീക്ഷിച്ചു. പുണ്യപ്രവാചകൻ (സ) ന്റെ പ്രസ്തുത പ്രവചനമനുസരിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വാഗ്ദത്ത മഹ്ദീമസീഹിന്റെ (അ) ആഗമനത്തോടെ ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിന്റെ ഒരു പുതിയ യുഗം ആരംഭിച്ചു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഖിലാഫത്തിന്റെ കാലഘട്ടം ആരംഭിച്ചു.

ഹുസൂർ തിരുമനസ്സ് പ്രാരംഭത്തിൽ പാരായണം ചെയ്ത സൂക്തങ്ങളുടെ തർജമ കേൾപ്പിച്ച ശേഷം പറഞ്ഞു, അല്ലാഹു മുസ്‌ലീങ്ങൾക്കുവേണ്ടി ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് ഈ വാക്യങ്ങളിൽ നിന്ന് വ്യക്തമാണ്. സച്ചരിതരായ ഖലീഫമാരുടെ കാലഘട്ടം മുപ്പത് വർഷത്തോളം നീണ്ടുനിന്നു. നിലവിൽ മുപ്പത് വർഷത്തേക്കല്ല അല്ലാഹുവിന്റെ വാഗ്ദാനമുള്ളത്, മറിച്ച് അത് ഒരു സമ്പൂർണ വാഗ്ദാനമാണ് . പ്രവാചകൻ

(സ)യും അക്കാര്യം വിശദീകരിച്ചിട്ടുണ്ട്. അതിനാൽ, വാഗ്ദത്ത മസീഹിൽ (അ) വിശ്വസിച്ചുകൊണ്ട് അല്ലാഹുവിന്റെ കൽപ്പനകൾ പാലിക്കാൻ തങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ട് എന്ന വസ്തുത അഹ്മദികൾ ഓർക്കേണ്ടതാണ്. പക്ഷേ അതിനും നിബന്ധനകളുണ്ട്. അതുകൊണ്ട്, ഈ നിബന്ധനകൾ പാലിക്കേണ്ടത് അത്യാവശ്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അതിനാൽ, പ്രിയപ്പെട്ടവരേ, അല്ലാഹു തന്റെ സനാതനമായ നടപടിക്രമമനുസരിച്ച്, എതിരാളികളുടെ രണ്ട് വ്യാജസന്തോഷങ്ങളെ ചവിട്ടിമെതിക്കാൻ ഇരുവിധ ശക്തികൾ പ്രദർശിപ്പിക്കുന്നതാണ്. ഞാൻ ദൈവത്തിൽ നിന്നുള്ള ശക്തിപ്രകടനമായാണ് ആവിർഭവിച്ചിരിക്കുന്നത്. ഞാൻ ദൈവത്തിന്റെ ഒരു ശക്തിയുടെ മൂർത്തീമദ്ഭാവമാണ്. എനിക്ക് ശേഷം ദ്വിതീയശക്തിയുടെ പ്രകടനഭാവമാകുന്ന മറ്റ് ചില വ്യക്തികൾ ഉടലെടുക്കും. അതിനാൽ, ദൈവത്തിന്റെ രണ്ടാമത്തെ ശക്തി പ്രതീക്ഷിച്ചുകൊണ്ട് നിങ്ങൾ ഒരുമിച്ച് പ്രാർത്ഥിക്കണം. ഒരോരോ രാജ്യത്തുമുള്ള സുകൃതവാന്മാരുടെ സംഘവും ഒരുമിച്ച് കൂടി രണ്ടാമത്തെ ശക്തി വാനലോകത്തിൽ നിന്ന് അവതരിക്കാനായി പ്രാർത്ഥിക്കണം.

അദ്ദേഹം ഇത് പറയുമ്പോൾ, (അവിഭക്ത)ഇന്ത്യയിലാണ് ജമാഅത്ത് ഉണ്ടായിരുന്നത്. കുറച്ച് ആളുകൾ പുറത്തുമുണ്ടായിരുന്നു. എന്നാൽ അഹ്മദിയ്യാ ജമാഅത്ത് ലോകത്തെല്ലായിടത്തും വ്യാപിക്കുന്ന ഒരു കാലം വരുമെന്നപോലെ, നിങ്ങൾ എല്ലാ രാജ്യങ്ങളിലും പ്രാർത്ഥന തുടരണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം ഈ പ്രവചനം നടത്തി. ഇന്ന് നമ്മൾ കാണുന്നത് അഹ്മദിയ്യ ജമാഅത്ത് ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നതായിട്ടാണ്. എല്ലായിടത്തും ഖിലാഫത്തിനോടുള്ള വിശ്വസ്തതയും ആത്മാർത്ഥതയും സ്നേഹവുമാണ് നമ്മൾ കാണുന്നത്. ഭാവിയിലും, അല്ലാഹു നമ്മെ അനുഗ്രഹിച്ചുകൊണ്ടേയിരിക്കും, കാരണം ഇത് സർവശക്തനായ അല്ലാഹുവിന്റെ വാഗ്ദാനമാണ്. അതിനാൽ നാം ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുകയും ഖിലാഫത്ത് സംവിധാനത്തിന്റെ സുസ്ഥിരതയ്ക്കായി എല്ലാ ത്യാഗങ്ങൾക്കും തയ്യാറാകുകയും വേണം.

അഹ്മദിയ്യാ ജമാഅത്തിലും ഖിലാഫത്ത് രാജവാഴ്ചയായി മാറുമെന്ന് ചിലർ കരുതുന്നു. എന്നാൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇത് ശക്തമായി നിഷേധിച്ചിട്ടുണ്ട്. ആത്മീയതയും ദൈവഭക്തിയും നിലനിൽക്കുന്നിടത്തോളം കാലം അഹ്മദിയ്യാ ജമാഅത്തിൽ രാജവാഴ്ച വരില്ലെന്ന് അദ്ദേഹം പറഞ്ഞു. ഇൻശാ അല്ലാഹ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഖിലാഫത്ത് വ്യവസ്ഥിതി അല്ലാഹുവിന്റെ ഇഷ്ടപ്രകാരം സ്ഥാപിതമായതും അതനുസരിച്ച് പ്രവർത്തിച്ചു വരുന്നതുമായ ഒരു സംവിധാനമാണ്. ഒരു തരത്തിലുള്ള ലൗകിക രാജ്യഭരണവും അതിൽ വരില്ല. കാലത്തിന്റെ ഖലീഫ രാത്രിയിൽ എഴുന്നേറ്റ് നമസ്ക്കരിക്കുകയും ജമാഅത്തംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുന്ന മറ്റേതെങ്കിലും രാജാവുണ്ടോ? അതിനാൽ നമ്മൾ ഇക്കാര്യം ഓർമ്മിക്കുകയും തദനുസൃതം പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ വിജയിക്കുകയുള്ളു. അല്ലാഹു സ്വയം ജനമനസ്സുകളെ ഈ ഖിലാഫത്ത് സംവിധാനത്തിലേക്ക് തിരിക്കുന്നു. ഇപ്രകാരമുള്ള ദൈവിക പിന്തുണ എല്ലാ ഖിലാഫത്തിന്റെയും കാലഘട്ടത്തിൽ നമ്മൾ എപ്പോഴും കണ്ടിട്ടുണ്ട്. ഇന്ന് ലോകത്ത്, അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് വ്യവസ്ഥാപിതമായിട്ടുള്ളതെന്ന് നിങ്ങൾക്ക് കാണാനാകും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അഹ്മദികൾ ജമാഅത്തുമായും ഖിലാഫത്തുമായും ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവൻ അവർക്ക് ധാരാളം അനുഗ്രഹങ്ങളും നല്കിയിട്ടുണ്ട്. ശത്രുക്കൾ അഹ്മദിയ്യാ ജമാഅത്തിനുമേൽ, വിശിഷ്യാ പാകിസ്താനിലും മറ്റ് ചില രാജ്യങ്ങളിലും എണ്ണമറ്റ അതിക്രമങ്ങൾ നടത്തുന്നുണ്ടെന്നത് ശരിയാണ്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവിടങ്ങളിലുള്ളവരും തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നു. ഈ പ്രയാസങ്ങൾക്ക് നമ്മുടെ മതത്തിൽ നിന്ന് നമ്മെ അകറ്റാൻ കഴിയില്ലെന്നും അതിനുപകരമായി അല്ലാഹു നമ്മുടെയും നമ്മുടെ വരുംതലമുറകളുടെയുംമേൽ വർഷിക്കുന്ന അനുഗ്രഹങ്ങളെ ഒന്നുമായും താരതമ്യപ്പെടുത്താനാവില്ലെന്നും അവർ വിശ്വസിക്കുന്നു.

അതിനാൽ ഖിലാഫത്തിന്റെ യഥാർത്ഥ അനുഗ്രഹം നമുക്ക് ലഭിക്കണമെങ്കിൽ, നമ്മൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ യഥാർത്ഥ അവകാശികളാകണമെങ്കിൽ, എല്ലാതരം ബഹുദൈവാരാധനയിൽ നിന്നും, അഹങ്കാരത്തിൽ നിന്നും, അഹംഭാവത്തിൽ നിന്നും നാം സ്വയം മോചിതരാകുകയും അതിൽ നിന്ന് സ്വയം ശുദ്ധീകരിക്കുകയും വേണം. (പ്രസ്തുത ആയത്തിൽ) അല്ലാഹു പറഞ്ഞിരിക്കുന്നത് അക്കൂട്ടർ നമസ്ക്കാരം നിലനിർത്തുകയും സക്കാത്ത് നല്കുകയും ചെയ്യുന്നവരാണെന്നാണ്. ഓരോ അഹ്മദിയും ഈ ദൈവകല്പന ഓർത്തിരിക്കേണ്ടതാണ്. ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കരുതുകയോ അതിനാഗ്രഹിക്കുകയോ അതിൽ നിന്ന് പ്രയോജനം നേടാൻ ആഗ്രഹിക്കുകയോ ചെയ്യുന്ന ഓരോ അഹ്മദിയും നമസ്ക്കാരം നിലനിർത്തുന്ന കാര്യത്തിൽ പൂർണ ശ്രദ്ധ ചെലുത്തേണ്ടതാണ്.

നമസ്ക്കാരത്തെക്കുറിച്ച് എത്ര മനോഹരമായാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിശദീകരിച്ചിട്ടുള്ളത്. പറഞ്ഞു, നമസ്ക്കാരത്തിന്റെ ഏറ്റവും നല്ല ഭാഗം ജുമുഅ ആണ്. ഇമാം ഖുത്ബ നിർവഹിക്കുകയും ഉപദേശങ്ങൾ നല്കുകയും ചെയ്യുന്നു. അത് സാമുദായിക ഐക്യവും ദിശാബോധവും സൃഷ്ടിക്കുന്നു. എല്ലാവർക്കും സമാനമായ ഖിബ്‌ലയുണ്ടാക്കുന്നു.

ഞാൻ ഇപ്പോൾ (ഖുത്ബകളിൽ) സംസാരിക്കുന്നത് ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ചാണ്. തിരുനബി(സ) യുടെ ജീവചരിത്രത്തെക്കുറിച്ചാണ്. അതിൽ നിന്ന് നമുക്ക് സാരോപദേശമായ നിരവധി കാര്യങ്ങൾ ലഭി

ക്കുന്നു. ആളുകൾ അതിൽ നിന്ന് വളരെയധികം പ്രയോജനമെടുക്കുന്നുമുണ്ട്. ഇതിനുപുറമെ, ഇസ്‌ലാമിന്റെ ചരിത്രവും അവർക്ക് അറിയാനാകുന്നു. അതിനാൽ ഈ ഖിലാഫത്ത് അല്ലാഹു നമുക്കായി സൃഷ്ടിച്ച ഒരു മാർഗമാണ്. അതിലൂടെ അഹ്മദിയ്യാ ജമാഅത്തിൽ ഒരു ഐക്യം സൃഷ്ടിക്കപ്പെട്ടു. ലോകത്തിലെ ഇരുനൂറ്റി പതിനഞ്ച് രാജ്യങ്ങളിൽ താമസിക്കുന്ന ഓരോ അഹ്മദിയും ഒറ്റക്കെട്ടായി ഈ സംവിധാനവുമായി ബന്ധപ്പെടുകയും ആത്മസംസ്ക്കരണത്തിനായി ശ്രമിക്കുകയും ചെയ്യുന്നു. അല്ലാഹു സക്കാത്ത് കൊടുക്കാനും കല്പിച്ചിട്ടുണ്ട്. അത് ഒരാളുടെ സമ്പത്ത് ശുദ്ധീകരിക്കാൻ അത്യാവശ്യമാണ്. മറ്റു സാമ്പത്തിക ത്യാഗങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഇന്ന് ഈ സാമ്പത്തിക സംവിധാനം അഹ്മദിയ്യാ ജമാഅത്തിൽ മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ എന്ന് നമുക്ക് കാണാൻ കഴിയും.

ചിലയിടങ്ങളിൽ കലാപകലുഷിത സാഹചര്യങ്ങളുണ്ടെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു. എന്നാൽ ഈ പ്രശ്നങ്ങളെല്ലാം അനുഭവിച്ചിട്ടും അഹ്മദിമുസ്‌ലീങ്ങൾ തങ്ങളുടെ ഇടയിൽ ഖിലാഫത്ത് സംവിധാനം സ്ഥാപിതമായതിലും ഖലീഫ അവരെ സമാശ്വസിപ്പിക്കുകയും അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുകയും ചെയ്യുന്നുവെന്നതിലും അല്ലാഹുവിന് നന്ദി പറയുന്നു. ലോകത്ത് നിരവധി ദുരന്തങ്ങൾ നടമാടുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിച്ചിട്ടുണ്ട്. ചിലത് പ്രകൃതി ദുരന്തങ്ങളാണെങ്കിൽ മറ്റുചിലത് മനുഷ്യന്റെ തെറ്റുകൾ മൂലവുമാണ്. അതുകൊണ്ടാണ് യുദ്ധങ്ങൾ നടക്കുന്നതും കുഴപ്പങ്ങൾ സൃഷ്ടിക്കപ്പെടുന്നതും. ഇക്കൂട്ടർ ഇനിയും സർവ്വശക്തനായ അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുന്നില്ലെങ്കിൽ, ലോകം ഒരു മഹാദുരന്തത്തിന് സാക്ഷ്യം വഹിക്കുന്നതാണ്. ഇക്കാര്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) പലതവണ പ്രവചിച്ചിട്ടുണ്ട്. അതുകൊണ്ട്, ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കേണ്ടതുണ്ടെന്ന വസ്തുതയിലേക്ക് ശ്രദ്ധ ചെലുത്തേണ്ടത് ഖിലാഫത്ത് സംവിധാനവുമായി ബന്ധപ്പെട്ടവരുടെ കടമയാണ്. ഇതിനായി ലോകത്തെ സർവ്വശക്തനായ അല്ലാഹുവിലേക്ക് കൊണ്ടുവരാൻ എല്ലാ ശ്രമങ്ങളും നടത്തുക. സന്ദേശപ്രചരണത്തിനായി നമ്മുടെ പരമാവധി സ്രോതസ്സുകളും കഴിവുകളും ഉപയോഗിക്കുക. അതിനായി സ്വന്തം ജീവൻ, സ്വത്ത്, സമയം എന്നിവ ത്യജിക്കാൻ എല്ലായ്പ്പോഴും തയ്യാറാകുകയും വേണം. അതുപോലെ, അവർ സ്വയം അല്ലാഹുവുമായുള്ള ബന്ധത്തിൽ അഭിവൃദ്ധിപ്പെട്ടാലാണ് അല്ലാഹുവിന്റെ പ്രത്യേക കൃപ ഓരോ അഹ്മദിയിലും ഉണ്ടാകുമാറാകുക. കൂടാതെ തങ്ങളുടെ തലമുറകളെയും തങ്ങളെ തന്നെയും ദുരന്തങ്ങളിൽ നിന്ന് രക്ഷിക്കാൻ അവർക്കാകുക. കാരണം ഈ ദുരന്തങ്ങളുടെയും വിപത്തുകളുടെയും ഗാംഭീര്യം എത്രമാത്രം വർദ്ധിച്ചു കൊണ്ടിരിക്കുകയാണെന്നാൽ അവ ഭാവിയിൽ ഏത് രൂപത്തിലാകുമെന്ന് അറിയില്ല. അത് മനുഷ്യന് സങ്കൽപ്പിക്കാൻ പോലും കഴിയില്ല. അതിനാൽ, ലോകത്തിന്റെ നിലനിൽപ്പ് ഇപ്പോൾ അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെടുന്നതിലൂടെ മാത്രമാണെന്ന് എപ്പോഴും ഓർമ്മിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം പറഞ്ഞു, അല്ലാഹു എന്റെ എല്ലാ വാഗ്ദാനങ്ങളും പൂർത്തിയാക്കുന്നതു വരെ ഈ ലോകം അവസാനിക്കില്ലെന്ന് എന്നോട് വാഗ്ദാനം ചെയ്തിട്ടുണ്ട്. അവയിൽ ചിലത് എന്റെ ജീവിതകാലത്തും ചിലത് എനിക്ക് ശേഷവുമായിരിക്കും. അതുകൊണ്ട്, നമ്മൾ സ്വഹൃദയങ്ങളിൽ ദൈവത്തിന്റെ മഹത്വം കുടിയിരുത്തുന്നവരായി മാറുകയും, സർവ്വശക്തനായ ദൈവത്തിന്റെ ഏകത്വം കർമരൂപേണ പ്രകടിപ്പിക്കുകയും, പൂർണമായ അനുസരണത്തിന്റെ മാതൃക കാണിക്കുകയും, വിശ്വാസത്തിൽ പുരോഗതി കൈവരിക്കുകയും ചെയ്യുക എന്നത് നമ്മുടെ ഓരോരുത്തരുടെയും ജോലിയാണ്. സർവശക്തനായ അല്ലാഹു നമുക്ക് അഹ്മദിയ്യാ ഖിലാഫത്തിന്റെ സംസ്ഥാപനത്തിനായി എല്ലാ ത്യാഗങ്ങളും ചെയ്യാനും വാഗ്ദാനങ്ങൾ നിറവേറ്റാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ ഏകത്വത്തിന്റെ പതാക ലോകമെമ്പാടും പറക്കുന്നതും, തിരുനബി (സ)യുടെ ദാസത്വത്തിൽ ആളുകൾ കൂട്ടത്തോടെ വന്ന് അല്ലാഹുവിനോട് പൂർണമായും അനുസരണം വച്ചുപുലർത്തുന്നവരാകാൻ ശ്രമിക്കുന്നതുമായ ഒരു കാലഘട്ടം നമുക്ക് നമ്മുടെ ജീവിതത്തിൽ കാണാനാകട്ടെ. അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് ഇന്ന് നമ്മൾ പ്രയോജനം നേടുന്നുവെന്ന് പറയുന്ന അനുഗ്രഹീത ദിനങ്ങളായിരിക്കും അത്. ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കുന്ന ദിവസങ്ങളാണത്. ആത്മസംസക്കരണത്തിനും അല്ലാഹുവിന്റെ സന്ദേശം ലോകത്തിന് എത്തിക്കാനുമുള്ള കഴിവ് അല്ലാഹു നമുക്ക് പ്രദാനം ചെയ്യുമാറാകട്ടെ.

ഖുത്ബയുടെ പരിസമാപ്തിയിൽ, ഹുസൂർ തിരുമനസ്സ് റബ്വയിലെ ഫസൽ ഉമർ ആശുപത്രിയുടെ മുൻ അഡ്മിനിസ്ട്രേറ്ററായിരുന്ന കേണൽ ഡോ. പീർ മുഹമ്മദ് മുനീർ സാഹിബിനെയും, സമീയുള്ളാഹ് സാഹിദ് സാഹിബിന്റെ ഭാര്യ സലീമ സാഹിദ് സാഹിബയെയും അനുസ്മരിക്കുകയും പരേതരുടെ പാപമോചനത്തിനും പദവികൾ ഉയരുന്നതിനും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاۤءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاۤءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 30.05.2025
MALAYALAM TRANSLATION BY PK AMNAS *SHAHID*
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516